"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കർ - മരണപ്പെട്ട ശ്രീമതി.ശ്രീജ.പി -യുടെ സഹോദരൻ ശ്രീ.രാജേഷ് കുമാർ.പി -സാനിറ്റേഷൻ വർക്കർ-തസ്തികയിൽ നിയമനം നൽന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു)വകുപ്പ്**

സ.ഉ.(കൈ) നം.180/2024/LSGD തീയതി,തിരുവനന്തപുരം, 24-12-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം.5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. 14.07.2023 ലെ സ.ഉ. (പി) നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
4. ശ്രീ.രാജേഷ് കുമാർ.പി സമർപ്പിച്ച 03.02.2023, 06.12.2024 തീയതികളിലെ ആശ്രിതനിയമന അപേക്ഷ
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.06.2024 തീയതിയിലെ LSGD/PD/68108/2023-DEF7 നമ്പർ കത്ത്.
6. കോഴിക്കോട് ജില്ലാ കളക്ടറുടെ 12.11.2024 തീയതിയിലെ DCKKD/8874/2024-S4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 07.06.2022 തീയതിയിൽ മരണപ്പെട്ട ശ്രീമതി.ശ്രീജ.പി -യുടെ സഹോദരൻ ശ്രീ.രാജേഷ് കുമാർ.പി.(നാഗകണ്ടി പറമ്പ, വെസ്റ്റ്ഹിൽ. പി.ഒ, കോഴിക്കോട് 673005) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (4)പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി.ശ്രീജ.പി യുടെ സേവനകാലം 05 വർഷവും 11മാസവും 07 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതയുടെ ജനന തീയതി 11.11.1967, സർവീസിൽ പ്രവേശിച്ച തീയതി 01.07.2016 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും കോഴിക്കോട് ജില്ലാ കളക്ടറും യഥാക്രമം പരാമർശം 5,6 പ്രകാരം അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.രാജേഷ് കുമാർ പത്താംക്ലാസ് പാസ്സായിട്ടില്ല. ടിയാന്റെ ജനനത്തീയതി 11.02.1977 എന്നതുമാണ്. കോഴിക്കോട് ജില്ലയിൽ Part time Sweeper LSGD (Rural)/Part time Sweeper Education Dept/Part time Sweeper in any Govt.Dept തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ടി അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (03.02.2023) സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ ജോലിക്കായി മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം ₹56000/-(അൻപത്താറായിരം രൂപ മാത്രം)രൂപയാണെന്ന് കച്ചേരി വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പരാമർശം(1) സർക്കാർ ഉത്തരവിലെ ഖണ്ഡിക-5 പ്രകാരം ടിയാന്

നഗരസഭകളിൽ മാത്രമേ ആശ്രിത നിയമനം നൽകാൻ വ്യവസ്ഥയുള്ളൂ. നഗരസഭകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ല, സാനിറ്റേഷൻ വർക്കർ തസ്തിക (Contingent worker)മാത്രമേ നിലവിലുള്ളൂ. സാനിറ്റേഷൻ വർക്കർ തസ്തിക ഉൾപ്പെടെ ഏത് തസ്തികയിലും നിയമനം സ്വീകരിക്കുന്നതിന് പൂർണ്ണ സമ്മതമാണെന്ന് പരാമർശം(4) പ്രകാരം ശ്രീ.രാജേഷ് കുമാർ.പി അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (2) പ്രകാരമുള്ള ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും, ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (3) ലെ ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനായുള്ള സമ്മതപത്രവും ലഭ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട് .

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോഴിക്കോട് കോർപ്പറേഷനിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 07.06.2022 തീയതിയിൽ മരണപ്പെട്ട ശ്രീമതി.ശ്രീജ.പി-യുടെ സഹോദരൻ ശ്രീ.രാജേഷ് കുമാർ.പി-യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%- ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സെക്രട്ടറി,കോഴിക്കോട് നഗരസഭ
ശ്രീ.രാജേഷ് കുമാർ.പി, നാഗകണ്ടി പറമ്പ, വെസ്റ്റ്ഹിൽ.പി.ഒ, കോഴിക്കോട് 673005
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ആഡിറ്റ്) കേരള, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-12-2024 16:55:14
സെക്ഷൻ ഓഫീസർ